# അഖില മലങ്കര ബാലസമാജം ഉത്തര മേഖല നേതൃത്വ പരിശീലന ക്യാമ്പ് മെയ് 21-ന്

കോട്ടയം : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അഖില മലങ്കര ബാലസമാജം ഉത്തര മേഖല നേതൃത്വ പരിശീലന ക്യാമ്പ് മെയ് 21-ന് ശനിയാഴ്ച രാവിലെ 9.30 മുതൽ 3 മണി വരെ ആലുവ തൃക്കുന്നത് സെമിനാരിയിൽ വച്ച് നടത്തപ്പെടും. അഖില മലങ്കര ബാലസമാജം പ്രസിഡന്റ് അഭി.ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനം അങ്കമാലി ഭദ്രാസനാധിപൻ അഭി.ഡോ.യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യും. ''ബാലസമാജത്തിന്റെ സ്വാധീനം എന്നിൽ'' എന്ന വിഷയത്തിൽ ജെഫിൻ വർഗീസ് പ്രഭാഷണം നടത്തും. ഡോ.വി.എം.മാത്യു ക്ലാസ്സ് നയിക്കും. ഉത്തര മേഖലയിൽപ്പെടുന്ന കോട്ടയം, കോട്ടയം സെൻട്രൽ, ഇടുക്കി, അങ്കമാലി, കണ്ടനാട് ഈസ്റ്റ്, കണ്ടനാട് വെസ്റ്റ്, കൊച്ചി, തൃശ്ശൂർ, കുന്നംകുളം, മലബാർ, സുൽത്താൻ ബത്തേരി എന്നീ ഭദ്രാസനങ്ങളിൽ നിന്നുള്ള സെക്രട്ടറിമാർ റിപ്പോർട്ട് അവതരിപ്പിക്കും. ഈ ഭദ്രാസനങ്ങളിൽ നിന്നും വൈസ് പ്രസിഡന്റുമാർ, ജനറൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡിസ്ട്രിക്ട് ഓർഗനൈസർമാർ എന്നിവർ പങ്കെടുക്കും. അങ്കമാലി ഭദ്രാസന സെക്രട്ടറി റവ.ഫാ.ബോബി വർഗീസ്, പ്രസ്ഥാനം വൈസ് പ്രസിഡന്റ് റവ.ഫാ.ജെയിംസ് മർക്കോസ്, റവ.ഫാ.ജിതിൻ ജോർജ്ജ്, ജോയിന്റ് സെക്രട്ടറിമാരായ ശ്രീ.ജേക്കബ് തോമസ്, ശ്രീമതി ആനി ജോൺ, ട്രഷറർ ശ്രീ.ഷൈജു ജോൺ തുടങ്ങിയവർ പ്രസംഗിക്കും.